(ഇ) വികസനത്തിന്റെ കാര്യത്തിൽ തിരുവനന്തപുരം നഗരസഭയുടെ സമീപ ഗ്രാമപഞ്ചായത്തുകൾ നഗരഭാവം ഉൾക്കൊണ്ടു കഴിഞ്ഞവയാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജനകീയപങ്കാളിത്തത്തോടുകൂടി ഓരോ പ്രദേശത്തേയും വികസനം ലക്ഷ്യമാക്കി അതതു പ്രദേശത്തിനു യോജിച്ച പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതുമൂലം വികസന പ്രവർത്തനം സംബന്ധിച്ച് സന്തുലിതാവസ്ഥ ഉണ്ടാവുമെന്ന് കരുതുന്നില്ല.

10 (*126) വൃദ്ധ സദനങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :
ശ്രീ. വി.സി. കബീർ :
ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തേവാസികളിൽനിന്നും പ്രതിഫലമീടാക്കി സ്വകാര്യ വ്യക്തികളും ഏജൻസികളും വിവിധ പേരുകളിൽ സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃദ്ധസദനങ്ങൾ തുടങ്ങുവാൻ സർക്കാരിന്റെ അനുമതിയോ രജിസ്ട്രേഷനോ ആവശ്യമുണ്ടോ;

(സി) സംസ്ഥാനത്തിന്റെ മാറിയ സാമൂഹ്യാന്തരീക്ഷം കണക്കിലെടുത്ത് സർക്കാർ തലത്തിൽ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സദനങ്ങൾ ആരംഭിക്കുവാനും വൃദ്ധസദനങ്ങൾക്ക് നിലവാരം നിശ്ചയിക്കാനും രജിസ്ട്രേഷൻ ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സാധുവൃദ്ധ ജനങ്ങളുടെ പുനരധിവാസം - പരിപാലനം - സംരക്ഷണം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. വൃദ്ധ സദനങ്ങളുടെ നിലവാരം നിശ്ചയിക്കാനും സന്നദ്ധ സംഘടനകളും മറ്റും നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് രജിസ്ട്രേഷൻ നടത്താനും ഇപ്പോൾ തന്നെ സംവിധാനങ്ങൾ നിലവിലുണ്ട്.

11 (*127) വികലാംഗക്ഷേമ പദ്ധതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വികലാംഗക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്നു വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly